10 വയസ്സുകാരൻ സഹായം തേടുന്നു

ചേരപ്പള്ളി

ആദിത്യൻ

ഇരുവൃക്കയും പ്രവർത്തനരഹിതമായ പത്ത് വയസ്സുകാരൻ തുടർചികിത്സയ്ക്കായി സുമനസ്സുകളുടെ സഹായം തേടുന്നു.

ആര്യനാട് ചേരപ്പള്ളി പ്രശാന്ത് ഭവനിൽ പ്രശാന്തിന്റെയും വിദ്യയുടെയും മകൻ ആദിത്യൻ (10) ആണ് ചികിത്സാസഹായം തേടുന്നത്. ജന്മനാ വൃക്കരോഗത്താൽ തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിലാണ്. 2022 നവംബർ മുതൽ ഡയാലിസിസ് ചെയ്തുവരികയാണ്.

എത്രയുംവേഗം കിഡ്നി മാറ്റിവയ്ക്കണമെന്ന് ഡോക്ടർമാർ നിർദേശിച്ചിട്ടുണ്ട്. കൂലിപ്പണിക്കാരനായ പ്രശാന്തിനും വീട്ടമ്മയായ വിദ്യയ്ക്കും മകന്റെ ശസ്ത്രക്രിയക്ക് ആവശ്യമായ 30 ലക്ഷം രൂപ കണ്ടെത്താനാകാത്ത അവസ്ഥയാണ്. ബാങ്കിൽനിന്ന് ലോണെടുത്തും സന്നദ്ധസംഘടനകളുടെ സഹായം കൊണ്ടുമാണ് ഇതുവരെയുള്ള ചെലവ് നടത്തിയത്. കനറ ബാങ്കിന്റെ ആര്യനാട് ശാഖയിൽ വിദ്യയുടെ പേരിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ– 110082353240, ഐഎഫ്എസ്സി കോഡ്– സിഎൻആർബി0014039, ഗൂഗിൾപേ നമ്പർ– 9846273146.

യാദവസഭ സംസ്ഥാന സമ്മേളനം

തിരുവനന്തപുരം

കേരള യാദവസഭയുടെ 68–ാം വാർഷികവും സംസ്ഥാന സമ്മേളനവും സംസ്ഥാന പ്രസിഡന്റ് എ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. പുതിയ ഭാരവാഹികളായി എ കൃഷ്ണൻകുട്ടി (പ്രസിഡന്റ്), കെ കൃഷ്ണപിള്ള (വർക്കിങ് പ്രസിഡന്റ്), എസ് നാഗരാജൻ, സി ഗോപി, എം കതിർവേൽ (വൈസ് പ്രസിഡന്റുമാർ), ബി രാജു, വി ശിവറാം, പ്രീത ഗണേഷ് (സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

ഉപവാസ പ്രാർഥന

പാറശാല

നെടുവാൻവിള ചിറക്കുളത്തിന് സമീപം അപ്പോസ്ഥലിക ബഥേൽ ചർച്ചിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ രാത്രി 9 വരെ നടക്കുന്ന 21 ദിവസത്തെ ഉപവാസ പ്രാർഥനയും ഉണർവ് യോഗങ്ങളും ജൂൺ 4ന് സമാപിക്കും.

പൂർവ വിദ്യാർഥി സംഗമം

നെയ്യാറ്റിൻകര

ധനുവച്ചപുരം എൻഎസ്എസ് കോളേജ് 1980–83 ബാച്ച് ബിരുദ വിദ്യാർഥികളുടെ കൂട്ടായ്മ 'ഗോൾഡൻ 8083' ന്റെ കുടുംബസംഗമം നെയ്യാറ്റിൻകര ടൗൺ ഹാളിൽ പ്രൊഫ. വി കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്തു. എം നന്ദകുമാർ, ജനറൽ കൺവീനർ സന്തോഷ് പൂവാർ, കൺവീനർമാരായ ഗോപകുമാർ വി ഐ, അജയകുമാർ എൻ എസ്, നാരായണൻ തമ്പി, പ്രേംകുമാർ ഐ ജി തുടങ്ങിയവർ സംസാരിച്ചു.

'ധ്വനി' യിലെ ഗാനങ്ങളുടെ വിനൈൽ റെക്കോഡ് സ്പീക്കർ എ എൻ ഷംസീർ ഗായകൻ കല്ലറ ഗോപന് നൽകി പ്രകാശിപ്പിക്കുന്നു

ഒരുകോടിയുടെ വിൽപ്പനയിൽ പുസ്തകമേള

സ്വന്തംലേഖകൻ

തിരുവനന്തപുരം

അക്ഷര ഉത്സവത്തിന്റെ ആഹ്ലാദം സമ്മാനിച്ച് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം സമാപിച്ചു. നാലുദിവസങ്ങളിലായി സെന്റ് ജോസഫ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന മേളയിൽ 600 ലേറെ ലൈബ്രറികളും നൂറുകണക്കിന് പുസ്തകപ്രേമികളും പങ്കാളികളായി. 56 പ്രസാധകരുടെ 120 സ്റ്റാളുകളാണ് ഒരുക്കിയിരുന്നത്. ഒരുകോടിയുടെ വിൽപ്പന നടന്നതായാണ് പ്രാഥമിക കണക്ക്. മറ്റ് ജില്ലകളിൽനിന്നുള്ള ചെറുകിട പ്രസാധകർക്കും മേള അവസരമായി. വൈജ്ഞാനിക, ജനപ്രിയ പുസ്തകങ്ങൾക്ക് ഒപ്പം പുതിയ എഴുത്തുകാരുടെ പുസ്തകങ്ങളും ഒരുപോലെ വിറ്റഴിഞ്ഞു.

ചെറുകിട പ്രസാധകർക്ക് വലിയ പരിഗണന നൽകുന്നത് ലൈബ്രറി കൗൺസിൽ പുസ്തകോത്സവങ്ങളാണെന്ന് എഴുത്തുകാരനും പ്രസാധകനുമായ എം രാജീവ്കുമാർ പറഞ്ഞു. 30 വർഷമായി മേളയിൽ പുസ്തകങ്ങളുമായി എത്താറുണ്ട്. ഇത്തവണ വലിയ തിരക്കാണ് അനുഭവപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു.

മേളയോട് അനുബന്ധിച്ച് നടന്ന സാംസ്കാരിക പരിപാടികൾക്കും ആസ്വാദകരുടെ വലിയ നിരയുണ്ടായി. ഈവർഷം നടന്ന നിയമസഭാ പുസ്തകോത്സവവും ജില്ലാ പഞ്ചായത്തിന്റെ റാട്ട് പുസ്തകോത്സവത്തിനുശേഷം നടന്ന ജില്ലയിലെ വലിയ മേളയാകാനും ലൈബ്രറി കൗൺസിൽ മേളയ്ക്ക് കഴിഞ്ഞു.

വാർഡ് സമ്മേളനം

വിളപ്പിൽ

എൻആർഇജി വർക്കേഴ്സ് യൂണിയൻ രണ്ടാംസംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി വിളപ്പിൽ പഞ്ചായത്ത് വെള്ളുകടവ് വാർഡ് സമ്മേളനം നടന്നു. എൻആർഇജി വിളപ്പിൽ ഏരിയ സെക്രട്ടറി ജി സജീന കുമാർ ഉദ്ഘാടനം ചെയ്തു. ശോഭന അധ്യക്ഷയായി. പഞ്ചായത്തംഗം സുസിബീന, ഭുവനേന്ദ്രൻ, വിജയരാജ് എന്നിവർ സംസാരിച്ചു. സജിത (സെക്രട്ടറി), ലീലാകുമാരി (പ്രസിഡന്റ്) എന്നിവരെ തെരഞ്ഞെടുത്തു.

ധ്വനിയിലെ ഗാനങ്ങൾ വിനൈൽ റെക്കോഡിൽ

തിരുവനന്തപുരം

സ്വരം ഓഡിയോസും മാക്ക് പ്രൊഡക്ഷനും ചേർന്ന് ധ്വനി സിനിമയിലെ ഗാനങ്ങൾ വിനൈൽ റെക്കോഡാക്കി പ്രകാശിപ്പിച്ചു. ഗാനരചയിതാവ് യൂസഫലി കേച്ചേരിയുടെ 89–ാം ജന്മദിനത്തിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ എൻ ഷംസീർ പ്രകാശിപ്പിച്ചു. കല്ലറ ഗോപൻ ഏറ്റുവാങ്ങി.

മലയാളത്തിന് അതുല്യ സംഭാവന നൽകിയ യൂസഫലി കേച്ചേരി തന്റെ പാട്ടുകളിലൂടെ ജീവിക്കുന്നുണ്ടെന്നും ധ്വനിയിലെ പാട്ടുകൾ കാലമെത്ര കഴിഞ്ഞാലും മലയാളിയുടെ മനസ്സിലുണ്ടെന്നും സ്പീക്കർ പറഞ്ഞു. കെ ആൻസലൻ എംഎൽഎ അധ്യക്ഷനായി. നെയ്യാറ്റിൻകര നഗരസഭാ ചെയർമാൻ പി കെ രാജ് മോഹൻ, എം ആർ അനിൽ രാജ്, രവി മേനോൻ, എസ് വിനയ കുമാർ, സൂരജ് അലി, കരമന ഹരി, പ്രമോദ് പയ്യനൂർ, കെ വിനോദ് സെൻ എന്നിവർ സംസാരിച്ചു.

ഏരിയ കൺവൻഷൻ

വെള്ളറട

ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) വെള്ളറട ഏരിയ കൺവൻഷൻ യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി എ ജെ സുക്കാർണോ ഉദ്ഘാടനം ചെയ്തു. ഏരിയ പ്രസിഡന്റ് ഷൈജു അധ്യക്ഷനായി. വി വി വീരേന്ദ്രപ്രസാദ്, ബി കൃഷ്ണപിള്ള, എ അനിൽകുമാർ, വൈ എസ് ബിനുകുമാർ, വെള്ളറട രാജേഷ്, ബിന്ദു, അനിജ തുടങ്ങിയവർ സംസാരിച്ചു.

ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയിസ് യൂണിയൻ (സിഐടിയു) വെള്ളറട ഏരിയ കൺവൻഷൻ ജില്ലാ ജനറൽ സെക്രട്ടറി എ ജെ സുക്കാർണോ ഉദ്ഘാടനം ചെയ്യുന്നു

പാഞ്ചിക്കാട് റോഡിൽ പുനർനിർമിച്ച പാർശ്വ ഭിത്തി കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

പാഞ്ചിക്കാട് റോഡിൽ പാർശ്വഭിത്തി പുനർനിർമിച്ചു

നെയ്യാറ്റിൻകര

അരുവിപ്പുറം –പാഞ്ചിക്കാട് റോഡിൽ പുനർനിർമിച്ച പാർശ്വ ഭിത്തി കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. റോഡിൽ നെയ്യാറിനോട് ചേർന്ന ഭാഗത്തെ പാർശ്വഭിത്തി വെള്ളപ്പൊക്കത്തിലാണ് തകർന്നത്. കെ ആൻസലൻ എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 51 ലക്ഷം രൂപ വിനിയോഗിച്ചാണ് പാർശ്വ ഭിത്തി പുനർനിർമിച്ചത്.

ഉദ്ഘാടന ചടങ്ങിൽ നഗരസഭ ചെയർമാൻ പി കെ രാജ്മോഹനൻ അധ്യക്ഷനായി. അരുവിപ്പുറം മഠം സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ മുഖ്യാതിഥിയായി.

സ്വാഗതസംഘം സെക്രട്ടറി ടി ശ്രീകുമാർ, നഗരസഭ വൈസ് ചെയർപേഴ്സൺ പ്രിയ സുരേഷ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ കെ ഷിബു, ആർ. രാജേഷ്, സ്വാഗതസംഘം ചെയർമാൻ ബി സ്റ്റാൻലി ജോൺ എന്നിവർ സംബന്ധിച്ചു.

ശിലാസ്ഥാപനം ഇന്ന്

തിരുവനന്തപുരം

കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ നിർമിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ശിലാസ്ഥാപനം ബുധൻ വൈകിട്ട് 5.30ന് മന്ത്രി പി രാജീവ് നിർവഹിക്കും. ഐടി/ഐടി അനുബന്ധ വ്യവസായങ്ങൾക്കായി രണ്ടു ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ എട്ടു നിലകളിലായുള്ള കെട്ടിടമാണ് നിർമിക്കുന്നത്. രണ്ടു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും. 5000 പേർക്ക് പ്രത്യക്ഷമായും 7500 പേർക്ക് പരോക്ഷമായും തൊഴിലും 100 കോടിയോളം രൂപയുടെ നിക്ഷേപവുമാണ് പ്രതീക്ഷിക്കുന്നത്.

സന്ദേശ വിളംബര ജാഥ

വെള്ളറട

ലോക നഴ്സസ് ദിനത്തോടനുബന്ധിച്ച് കാരക്കോണം സിഎസ്ഐ നഴ്സിങ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിയ സന്ദേശ വിളംബര റാലി കാരക്കോണം ജങ്ഷനിൽ സി കെ ഹരീന്ദ്രൻ എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. ഡയറക്ടർ ഡോ. ജെ ബെന്നറ്റ് എബ്രഹാം മുഖ്യ സന്ദേശം നൽകി.

സിപിഐ എം മുണ്ടേല ബ്രാഞ്ച് ഓഫീസ് സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം സ്വരാജ് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, ജില്ലാ സെക്രട്ടറി വി ജോയി തുടങ്ങിയവർ സമീപം

സിപിഐ എം ബ്രാഞ്ച് ഓഫീസ് ഉദ്ഘാടനം

വിളപ്പിൽ

സിപിഐ എം മുണ്ടേല ബ്രാഞ്ച് ഓഫീസായ കോടിയേരി ബാലകൃഷ്ണൻ സ്മാരകമന്ദിരവും തുടർന്നു നടന്ന പൊതുയോഗവും സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം സ്വരാജ് ഉദ്ഘാടനം ചെയ്തു. മുൻ മുണ്ടേല ബ്രാഞ്ച് സെക്രട്ടറിയായിരുന്ന സനൽകുമാറിന്റെ നാമധേയത്തിലുള്ള സനൽകുമാർ ഗ്രന്ഥശാല സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. മുണ്ടേല ജങ്ഷനിൽ പൊതുജനങ്ങൾക്ക് ആശ്രയമാകുന്ന രീതിയിൽ ലൈബ്രറി, ഡിജിറ്റൽ ജനസേവന കേന്ദ്രം, യുവജന ക്ലബ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ജനസേവന കേന്ദ്രം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്തു.

വിളപ്പിൽ ഏരിയ കമ്മിറ്റിയംഗം വി ആർ പ്രവീൺ അധ്യക്ഷനായി. ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ, ജി സ്റ്റീഫൻ എംഎൽഎ, വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി, ഏരിയ കമ്മിറ്റിയംഗങ്ങളായ കെ സുകുമാരൻ, എം രാജേന്ദ്രൻ, കെ ജയചന്ദ്രൻ, എം അനിൽകുമാർ, ആർ രാജ്മോഹൻ, ലോക്കൽ സെക്രട്ടറി എ ആന്റണി, പി ബി സുനിൽകുമാർ, എസ് സുനിൽകുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് വേദിയിൽ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

പ്രചാരണ ബോർഡ് നശിപ്പിച്ചു

നേമം

സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പൊതുസമ്മേളനത്തിന്റെ പ്രചാരണാർഥം മുക്കുനട ജങ്ഷനിൽ സ്ഥാപിച്ചിരുന്ന പ്രചാരണബോർഡ് ബൈക്കിലെത്തിയ യുവാവ് നശിപ്പിച്ചു.

തിങ്കളാഴ്ച രാത്രി ഒന്നരയോടെയായിരുന്നു സംഭവം. മൊട്ടമൂട് ഭാഗത്തുനിന്നും ബൈക്കിൽ എത്തിയ യുവാവ് ബോർഡ് നശിപ്പിച്ച ശേഷം അതേ ഭാഗത്തേക്കു തന്നെ തിരികെ പോകുന്ന സിസിടിവി ദൃശ്യം പൊലീസിന് ലഭിച്ചിട്ടുണ്ട്. തിരികെ പോയ യുവാവിനെ മൊട്ടമൂട് ഭാഗത്തെ സിസിടിവി ദൃശ്യങ്ങളിൽ കാണാത്തതിനാൽ സമീപവാസികൾ ആകാമെന്ന നിഗമനത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സംഭവത്തിൽ സിപിഐ എം നരുവാമൂട് മേഖലാ കമ്മിറ്റി നരുവാമൂട് പൊലീസിൽ പരാതി നൽകി.

താൽക്കാലിക നിയമനം

നേമം

നേമം ഗവ. യുപി സ്കൂളിൽ ഡ്രൈവർ, ഹെൽപർ തസ്തികകളിൽ താൽക്കാലിക ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ വെള്ളി വൈകിട്ട് നാലിന് മുൻപ് സ്കൂൾ ഓഫീസിൽ അപേക്ഷ നൽകണം. പള്ളിച്ചൽ, കല്ലിയൂർ പഞ്ചായത്തുകളിൽ സ്ഥിര താമസക്കാർക്ക് മുൻഗണന.

ബൈക്കിൽ എത്തി മാല പൊട്ടിക്കുന്ന സംഘം പിടിയിൽ

നെയ്യാറ്റിൻകര

ബൈക്കിൽ എത്തി വീട്ടമ്മയുടെ സ്വർണമാല പൊട്ടിച്ചു കടന്ന പ്രതികളെ നെയ്യാറ്റിൻകര പൊലീസ് പിടികൂടി. പരശുവയ്ക്കൽ, കൊറ്റാമം ഷഹാന മൻസിലിൽ ഷാജഹാൻ റംഷാദ് (22), കൊട്ടാരക്കര, ചിതറ, വളവുവച്ചയിൽ സൂര്യക്കുളം ഉണ്ണിമുക്ക് തടത്തരികത്ത് വീട്ടിൽ മുഹമ്മദ് ഷാൻ (21) എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ഞായർ രാവിലെ പത്തരയോടെ പള്ളിയിൽനിന്നും വീട്ടിലേക്ക് പോകുകയായിരുന്ന പന്നിയോട് കുളവുപാറ കിഴക്കേക്കര വീട്ടിൽ ഗോമതി (61) യുടെ മാലയാണ് ബൈക്കിൽ മുഖംമൂടി ധരിച്ചെത്തിയ സംഘം പൊട്ടിച്ച് കടന്നത്. കാട്ടാക്കട പൊലീസിൽ പരാതി നൽകി അന്വേഷണം നടത്തിവരവെയാണ് പ്രതികൾ പിടിയിലാകുന്നത്.

കേരളത്തിലും തമിഴ്നാട്ടിലെ നാഗർകോവിൽ, തക്കല എന്നിവിടങ്ങളിലും വാഹന മോഷണം, പിടിച്ചുപറി, ഭവനഭേദനം, കൊല്ലം ചവറയിൽ പൊലീസ് ഉദ്യോഗസ്ഥനുനേരെ വധശ്രമം മുതലായ അറുപതോളം കേസുകളിൽ പ്രതികളും പടികിട്ടാപ്പുള്ളികളുമാണ് റംഷാദും മുഹമ്മദ് ഷാനും. മോഷ്ടിച്ച മോട്ടോർ സൈക്കിളിൽ സഞ്ചരിച്ച് കവർച്ചാ ശ്രമം നടത്തി രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ തിങ്കളാഴ്ച രാവിലെ നെയ്യാറ്റിൻകര പൊലീസ് ഇൻസ്പെക്ടർ സി സി പ്രതാപചന്ദ്രൻ, സബ് ഇൻസ്പെക്ടർമാരായ ഡി സൈലസ്, ജോയി ജെ വിജുകുമാർ, ജയരാജ്, എഎസ്ഐ സുരേഷ് കുമാർ, സിപിഒമാരായ വിനോദ്, അജീഷ്, അരുൺ, ലെനിൻ, ഷിജിൻദാസ്, ശ്രീകാന്ത്, രതീഷ്, പ്രവീൺ, അനന്തകൃഷ്ണൻ അഭിലാഷ്, ബി രാജേഷ്, അഖിൽ, ബിനോയി ജസ്റ്റിൻ, വിഷ്ണു എന്നിവർ സാഹസികമായാണ് പ്രതികളെ പിടികൂടിയത്.

കൊല്ലയിൽ പഞ്ചായത്ത് കുടുംബശ്രീ വാർഷികം സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

ശുചീകരണം നടത്തി

നെയ്യാറ്റിൻകര

സിപിഐ എം നെയ്യാറ്റിൻകര ടൗൺ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര ബസ്സ്റ്റാൻഡ് പരിസരം ശുചീകരിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ ഏരിയ സെക്രട്ടറി ടി ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. സർക്കാരിന്റെ നൂറ് ദിന കർമ പരിപാടിയുടെ ഭാഗമായാണ് ശുചീകരണ പ്രവർത്തനം നടന്നത്.

കുടുംബശ്രീ വാർഷികം

പാറശാല

കൊല്ലയിൽ പഞ്ചായത്ത് കുടുംബശ്രീ 25–ാം വാർഷികം സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സിഡിഎസ് ചെയർപേഴ്സൺ സുശീല അധ്യക്ഷയായി. കുടുംബശ്രീ ചികിത്സാ സഹായനിധി വിതരണം ജില്ലാ പഞ്ചായത്ത് അംഗം വി എസ് ബിനു നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എൻ എസ് നവനീത്കുമാർ, വൈസ് പ്രസിഡന്റ് എസ് സന്ധ്യ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ വി പത്മകുമാർ, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ജി ബൈജു, എൻ വി ഷൈൻഷാം, വി എസ് അനില, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സന്തോഷ് കുമാർ, കൊല്ലയിൽ രാജൻ, എൻ എസ് പ്രിയ, സി കെ സിനികുമാരി, ബിന്ദുബാല, ജ്യോതിഷറാണി, എം മഹേഷ്, കുടുംബശ്രീ വൈസ് ചെയർപേഴ്സൺ ലേഖ, അസിസ്റ്റന്റ് സെക്രട്ടറി അശോക് കുമാർ എന്നിവർ സംസാരിച്ചു.

ഫ്രിഡ്ജ് പൊട്ടിത്തെറിച്ച് സ്ത്രീക്ക് പൊള്ളൽ

കിളിമാനൂർ

ഫ്രിഡ്ജ് പൊട്ടിത്തെറിച്ച് കത്തി സ്ത്രീക്ക് ഗുരുതര പരിക്കേറ്റു. നഗരൂർ കടവിള പുല്ലുതോട്ടം നാണി നിവാസിൽ ഗിരിജ സത്യനാ (59)ണ് പൊള്ളലേറ്റത്. ചൊവ്വ പകൽ പതിനൊന്നരയോടെയാണ് സംഭവം. ഗിരിജ മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. വീടിന് പുറത്തുനിന്ന ഇവർ ഗ്യാസ് ലീക്കായ മണം അനുഭവപ്പെട്ടതിനെ തുടർന്ന് അടുക്കളവാതിൽ തുറന്ന് അകത്ത് കടന്നപ്പോൾ ഉഗ്രശബ്ദത്തോടെ ഫ്രിഡ്ജ് പൊട്ടിത്തെറിക്കുകയായിരുന്നു.

ദേഹമാസകലം പൊള്ളലേറ്റ ഗിരിജയെ തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അമ്പത് ശതമാനത്തോളം പൊള്ളലേറ്റിറ്റുണ്ട്. ഡബിൾ ഡോർ ഫ്രിഡ്ജ് പൂർണമായും കത്തി. ശബ്ദംകേട്ട് അയൽവാസികൾ ഓടിയെത്തി ആറ്റിങ്ങൽ അഗ്നിരക്ഷാ നിലയത്തിൽ അറിയിച്ചു. ഫയർ സ്റ്റേഷൻ ഓഫീസർ ജി ഷാജ്, അസി. സ്റ്റേഷൻ ഓഫീസർ മനോഹരൻപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ തീ അണച്ചു. ഫ്രിഡ്ജിന്റെ കംപ്രസർ യൂണിറ്റ് പൊട്ടിത്തെറിച്ചാകാം അപകടമെന്നാണ് പ്രാഥമിക നിഗമനം.

നഗരൂർ കടവിളയിലെ വീട്ടിൽ അഗ്നിരക്ഷാസേന രക്ഷാപ്രവർത്തനം നടത്തുന്നു

ഓംബുഡ്സ്മാൻ സിറ്റിങ്

തിരുവനന്തപുരം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെയും ഓംബുഡ്സ്മാൻ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വെള്ളിയാഴ്ച സിറ്റിങ് നടത്തും. പകല് 11 മുതൽ ഒന്നുവരെയാണ് സിറ്റിങ്. കരവാരം, കിളിമാനൂർ, മടവൂർ, നഗരൂർ, നാവായിക്കുളം, പള്ളിക്കൽ, പഴയകുന്നുമ്മേൽ, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ, ഗുണഭോക്താക്കൾ, മേറ്റുമാർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്കും പ്രധാനമന്ത്രി ആവാസ് യോജന ഭവനപദ്ധതി ഗുണഭോക്താക്കൾക്കും പരാതികളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കാം.

ചാനൽ സിനിമ

കൈരളി
- 6.30 വീരം
- 9.00 വേതാളം
- 12.00 1911
- 4.00 സിങ്കം 2
- 7.00 തെങ്കാശിപട്ടണം
- 10.00 യു ടേൺ

വി
- 7.00 പട്ടണപ്രവേശം
- 10.30 മാരി 2
- 1.30 രാക്ഷസൻ
- 5.00 ഭരത്ചന്ദ്രൻ IPS
- 7.30 ആലിബാബയും ആറരക്കള്ളന്മാരും
- 10.00 സംഘം

ഏഷ്യാനെറ്റ്
- 9.30 ചൈനാടൗൺ

ഏഷ്യാനെറ്റ് പ്ലസ്
- 5.30 വിദ്യാരംഭം
- 9.30 സുകൃതം
- 3.00 ഹരിഹരൻപിള്ള ഹാപ്പിയാണ്
- 11.00 കാക്കി

ഏഷ്യാനെറ്റ് മൂവീസ്
- 7.00 ഈ പറക്കും തളിക
- 10.00 അത്ഭുതദ്വീപ്
- 1.00 നന്ദനം
- 4.00 പുള്ളിക്കാരൻ സ്റ്റാറാ
- 7.00 12th Man
- 10.30 കണ്ണും കണ്ണും കൊള്ളയടിത്താൽ

സൂര്യ
- 8.30 ഏഴ് സുന്ദരരാത്രികൾ
- 2.30 ഡാർവിന്റെ പരിണാമം

സൂര്യ മൂവീസ്
- 7.00 ഇലക്ട്ര
- 10.00 ദേ ഇങ്ങോട്ടു നോക്കിയേ
- 1.00 നം 1 സ്നേഹതീരം ബാംഗ്ലൂർ നോർത്ത്
- 4.00 ഉത്തമൻ
- 7.00 അഭിമന്യു
- 10.00 രണഭൂമി

എസിവി
- 9.00 ആര്യൻ
- 2.00 ചക്കരയുമ്മ
- 9.30 മിഥ്യ

എൽഡിഎഫ് രാഷ്ട്രീയ വിശദീകരണ യോഗം ഇന്ന്

പാറശാല

പാറശാല മണ്ഡലം എൽഡിഎഫ് രാഷ്ടീയ വിശദീകരണ യോഗം ബുധൻ വൈകിട്ട് 4 ന് ധനുവച്ചപുരത്ത് എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, ആന്റണി രാജു, സി കെ ഹരീന്ദ്രൻ എംഎൽഎ, ഡി കെ ശശി തുടങ്ങിയവർ സംസാരിക്കും.

കെ എസ് അനിൽകുമാറിനും ഡോ. രശ്മിക്കും ദ്യുതി അക്ഷര പുരസ്കാരം

നെയ്യാറ്റിൻകര

മലയാളത്തിലെ മികച്ച വൈജ്ഞാനിക സാഹിത്യകൃതികൾക്കായി പൂഴിക്കുന്ന് രവീന്ദ്രൻ സ്മാരക പഠന ഗവേഷണ കേന്ദ്രം ഏർപ്പെടുത്തിയ ദ്യുതി അക്ഷര പുരസ്കാരം ട്രാൻസ് ജന്റർ ചരിത്രം,സംസ്കാരം എന്ന പഠന ഗ്രന്ഥത്തിന്റെ രചയിതാക്കളായ ഡോ. ജി രശ്മി , കെ എസ് അനിൽകുമാർ എന്നിവർക്കു ലഭിച്ചു. സി രവിചന്ദ്രൻ, ഡോ. ആർ രാധാകൃഷ്ണൻ, ഡോ. വള്ളിക്കാവ് മോഹൻദാസ്, ഡോ. ജോയ് ബാലൻ, രാജേഷ് കെ എരുമേലി എന്നിവർക്കാണ് മുൻ വർഷങ്ങളിൽ ഈ പുരസ്കാരം ലഭിച്ചിട്ടുള്ളത്. 23 ന് പൂഴിക്കുന്നിൽ നടക്കുന്ന ചടങ്ങിൽ മാങ്കോട് രാധാകൃഷ്ണൻ പുരസ്കാരം സമ്മാനിക്കും.

മാരത്തൺ ചർച്ചയിലും മുന്നോട്ട് പോകാതെ പുനഃസംഘടന

തിരുവനന്തപുരം

കോൺഗ്രസ് പുനഃസംഘടനയിൽ തീരുമാനങ്ങളെടുക്കാൻ വിവിധ തടസ്സങ്ങൾ നേരിട്ട് ഉപസമിതി. രണ്ടു ദിവസമായി തിരുവനന്തപുരത്ത് മാരത്തൺ ചർച്ച നടത്തിയെങ്കിലും അഞ്ചു ജില്ലപോലും പൂർത്തിയാക്കാനായില്ലെന്നാണ് അറിയുന്നത്. മെയ് മുപ്പതിനകം പുനഃസംഘടന പൂർത്തിയാക്കാനായില്ലെങ്കിൽ കെപിസിസി അധ്യക്ഷസ്ഥാനത്ത് തുടരില്ലെന്ന കെ സുധാകരന്റെ പ്രഖ്യാപനം നിലനിൽക്കെയാണ് തിരക്കിട്ട് ഉപസമിതി യോഗം.

രാവിലെമുതൽ രാത്രിവരെ പുനഃസംഘടനാ ഉപസമിതി യോഗം ചേരുന്നുണ്ടെങ്കിലും പേരുകളിലും ഗ്രൂപ്പുകളിലും തട്ടി ചർച്ച വഴിമുട്ടുകയാണ്. അനിൽകുമാർ ഒഴികെയുള്ളവരെല്ലാം യോഗത്തിലുണ്ട്. ഡിസിസി, ബ്ലോക്ക് തല ഭാരവാഹികളെയാണ് ഇപ്പോൾ തീരുമാനിക്കുന്നത്. പകുതിയോളം ജില്ലകൾ പൂർത്തിയാക്കിയെന്നും വരും ദിവസങ്ങളിൽ ബാക്കി ജില്ലകൾ കൂടി പൂർത്തിയാക്കുമെന്നുമാണ് ഔദ്യോഗിക കേന്ദ്രങ്ങൾ വെളിപ്പെടുത്തുന്നത്.

പൊള്ളലേറ്റ് യുവതി മരിച്ചു; ഒമ്പതുമാസം പ്രായമായ കുഞ്ഞ് ഗുരുതരാവസ്ഥയിൽ

തിരുവനന്തപുരം

അഞ്ജു

പുത്തൻതോപ്പിൽ വീടിന്റെ ശുചിമുറിയിൽ യുവതി പൊള്ളലേറ്റ് മരിച്ച നിലയിൽ. ഗുരുതരമായി പൊള്ളലേറ്റ യുവതിയുടെ ഒമ്പതു മാസം പ്രായമുള്ള കുഞ്ഞിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പുത്തൻതോപ്പ് അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് സഹകരണ സംഘം ജീവനക്കാരനായ സഞ്ചുവിന്റെ ഭാര്യ അഞ്ജു (22) വാണ് പൊള്ളലേറ്റ് മരിച്ചത്. ചൊവ്വ വൈകിട്ട് ആറോടെയാണ് സംഭവം. ഭർത്താവ് സഞ്ചു ഫുട്ബോൾ കണ്ടശേഷം തിരികെ വരുമ്പോഴാണ് ശുചിമുറിയിൽ ഇരുവരെയും പൊള്ളലേറ്റ് കിടക്കുന്നത് കണ്ടത്. മരിച്ചുകിടക്കുന്ന അഞ്ജുവിനെയും കുഞ്ഞിനെയും സഞ്ചുവാണ് ആശുപത്രിയിലെത്തിച്ചത്.

ഒന്നര വർഷം മുമ്പാണ് പുത്തൻതോപ്പ് സ്വദേശിയായ സഞ്ചുവിന്റെയും പൂങ്കുളം കോളിയൂർ സ്വദേശി അഞ്ജുവിന്റെയും വിവാഹം നടന്നത്. അച്ഛൻ: പ്രമോദ്. അമ്മ : ഷൈലജ. കഠിനംകുളം പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

അസ്മിയ മോളുടെ മരണം

സമഗ്രാന്വേഷണം വേണമെന്ന് ഡിവൈഎഫ്ഐ

തിരുവനന്തപുരം

ബാലരാമപുരത്തെ അൽഅമീൻ എന്ന മതവിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർഥിനി അസ്മിയ മോൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ സമഗ്രാന്വേഷണം വേണമെന്ന് ഡിവൈഎഫ്ഐ. കുടുംബം ഉന്നയിച്ച ആരോപണങ്ങളിൽ പൊലീസ് അന്വേഷണം നടത്തണം. നിജസ്ഥിതി പുറത്തുകൊണ്ടുവരണം. കുട്ടികൾ താമസിച്ചു പഠിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ സുരക്ഷ ഉറപ്പുവരുത്താൻ അധികൃതർ നടപടി സ്വീകരിക്കണമെന്നും ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- ▶ 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- ▶ ജാനകി ജാനെ (2.30, 6.00, 9.30)
- ▶ FARHANA (11.00)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- ▶ 2018 (11.15, 2.15, 6.15, 9.15)

ലയം
- ▶ നെയ്മർ (11.15, 2.15, 6.15, 9.15)

ശ്രീ കാളിദാസ് (9562404499)

ഒഡി 1
- ▶ 2018(4 ഷോ)

ഒഡി 2
- ▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഒഡി 3
- ▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഒഡി 4
- ▶ കേരള സ്റ്റോറി 2 (11.00, 9.30)

ഒഡി 5
- ▶ വിരുപക്ഷ (6.15? 9.30)
- ▶ മദനോത്സവം (6.15,9.30)

ഒഡി 6
- ▶ പാച്ചുവും അത്ഭുതവിളക്കും (4 ഷോ)